(സി) 927.

(ഡി) 919.

(ഇ) ബന്ധപ്പെട്ട പോലീസ് സബ് ഇൻസ്പെക്ടർമാർക്കും ജില്ലാ പോലീസ് സൂപ്രണ്ടിനും, അവധി കഴിഞ്ഞ് കൃത്യമായി തിരികെയെത്താത്ത തടവുകാരെ അറസ്റ്റ് ചെയ്ത് ജയിലിൽ പ്രവേശിപ്പിക്കുന്നതിന് അറിയിപ്പു നൽകാറുണ്ട്. തടവുകാരെ പരോളിൽ ഇറക്കുന്ന അവസരത്തിൽ ജാമ്യബോണ്ടിൽ ഒപ്പിടുന്ന വ്യക്തികളിൽ നിന്നും വ്യവസ്ഥകൾ പ്രകാരമുള്ള തുക ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കാറുണ്ട്. ദീർഘകാലമായി പരോളിൽ ഇറങ്ങി തടവുകാർ തിരികെ എത്താത്ത അവസരത്തിൽ ടി തടവുകാരെക്കുറിച്ചുള്ള വിവരങ്ങൾ പത്രങ്ങളിൽ പരസ്യപ്പെടുത്തുകയും ചെയ്തുവരാറുണ്ട്.

(എഫ്) ഇല്ല.

(ജി) ഉണ്ട്. കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും പരോളിറങ്ങിയ ഒരു തടവുകാരനെതിരെ പരോൾ കാലയളവിൽ ഐ.പി.സി. 457, 451, 394, r/w34 എന്നീ വകുപ്പുകൾ പ്രകാരം കേസ്സെടുത്തിട്ടുണ്ട്. അതുപോലെ വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നും പരോളിലിറങ്ങിയ ഒരു തടവുകാരൻ കളവുമായി ബന്ധപ്പെട്ട കേസിൽ ഉൾപ്പെട്ടിട്ടുണ്ട്.

ജയിലുകളിൽ സംഘട്ടനങ്ങൾ ഒഴിവാക്കുന്നതിന് നടപടി

95 (1850) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഇതുവരെ സംസ്ഥാനത്ത് ജയിലുകളിൽ ജയിൽപ്പുള്ളികൾ തമ്മിലോ ജയിലധികാരികളുമായോ സംഘട്ടനങ്ങൾ നടന്ന എത്രയെണ്ണം സംഭവങ്ങളാണുണ്ടായിട്ടുള്ളത് ;

(ബി) ജയിലുകളിലെ ഇത്തരം സംഘട്ടനങ്ങൾ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവുകാർ തമ്മിൽ ഒൻപത് തവണയും തടവുകാരും ജീവനക്കാരും തമ്മിൽ 3 തവണയും സംഘർഷമുണ്ടായി. തിരുവനന്തപുരം ജില്ലാ ജയിലിൽ തടവുകാർ തമ്മിൽ 5 സംഘർഷങ്ങൾ ഉണ്ടായി. തടവുകാർ സംഘടിച്ച് കലാപം സൃഷ്ടിക്കാൻ ഒരിക്കൽ ശ്രമിച്ചു. തടവുകാരൻ സ്വയം മുറിവേൽപ്പിച്ച് ഒരു തവണ സംഘർഷാവസ്ഥ സൃഷ്ടിച്ചു. ആലപ്പുഴ സ്പെഷ്യൽ സബ് ജയിലിൽ തടവുകാർ തമ്മിൽ ഒരു തവണ സംഘർഷാവസ്ഥ ഉണ്ടായി. വിയ്യൂർ സെൻട്രൽ ജയിലിൽ തടവുകാർ തമ്മിൽ ഒൻപത് സംഘട്ടനങ്ങളും തടവുകാരും ജീവനക്കാരും തമ്മിൽ രണ്ട് സംഘട്ടനങ്ങളും ഉണ്ടായിട്ടുണ്ട്. കോട്ടയം സ്പെഷ്യൽ സബ് ജയിലിൽ തടവുകാർ

LIBRARY ARCHIVES Kerala Legislative Assembly

തമ്മിൽ അഞ്ച് സംഘട്ടനങ്ങളും ഉണ്ടായിട്ടുണ്ട്. വിയ്യൂർ സബ് ജയിലിൽ തടവുകാർ തമ്മിൽ ഒരു സംഘട്ടനം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുവാറ്റുപുഴ സബ് ജയിലിൽ തടവുകാരൻ ഉദ്യോഗസ്ഥരെ ആക്രമിച്ച ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കണ്ണൂർ സ്പെഷ്യൽ സബ് ജയിലിൽ തടവുകാർ താല്ക്കാലിക വാർഡറെ മർദ്ദിച്ച ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സബ് ജയിൽ തിരൂരിൽ തടവുകാർ തമ്മിൽ ഒരു സംഘട്ടനം ഉണ്ടായിട്ടുണ്ട്. സബ്ജയിലിൽ ജീവനക്കാരും തടവുകാരും തമ്മിൽ വാക്കേറ്റവും സംഘർഷാവസ്ഥയും ഉണ്ടായിട്ടുണ്ട്.

(ബി) കണ്ണൂർ സെൻട്രൽ ജയിലിൽ ഇത്തരം സംഘട്ടനങ്ങളെ ഒഴിവാക്കുന്നതിന് ബ്ലോക്കുകൾ ഓരോന്നിലും ഓരോ ഓഫീസറെ ചുമതല പ്പെടുത്തുകയും അദ്ദേഹത്തിന്റെ കീഴിൽ ഹെഡ്വാർഡൻമാരേയും വാർഡൻമാരേയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. ജയിലുകളിലിൽ ക്ലോസ്ഡ് സർക്യൂട്ട് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. തടവുകാരുടെ ഇടയിൽ കർശനമായ അച്ചടക്കം പാലിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് സദാ ജാഗരൂകരായ ഒരു സ്പെഷ്യൽ സ്കാഡിനേയും നിയമിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഉടൻതന്നെ പോലീസിൽ റിപ്പോർട്ട് ചെയ്ത് കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിക്കുന്നതിനാൽ തുടർന്നുള്ള അനിഷ്ട സംഭവങ്ങൾ ഒഴിവാക്കപ്പെടുന്നതിന് സഹായകമാവുന്നുണ്ട്. സംഘർഷത്തിൽ ഏർപ്പെടുന്ന തടവുകാരെ പ്രത്യേക നിരീക്ഷണത്തിൽ പാർപ്പിക്കുകയും ഒരു കേസിലെ പ്രതികളെ ഒരുമിച്ചു പാർപ്പിക്കാതെ പ്രത്യേകം പാർപ്പിക്കുകയും ആഴ്ചയിൽ ഒരിക്കൽ പ്രതികളെ സെല്ലുകൾ മാറ്റിപാർപ്പിക്കുകയും ചെയ്യുന്നു. തടവുകാരെ വിവിധ രീതിയിൽ തരംതിരിച്ച് പാർപ്പിക്കുകയും എതിർ കക്ഷിക്കാരെ പരസ്പരം ബന്ധപ്പെടാനുള്ള അവസരം നൽകാതിരിക്കുകയും സ്ഥിരം പ്രശ്നക്കാരായ തടവുകാരെ ജയിൽ മാറ്റുകയും ചെയ്തുവരുന്നുണ്ട്. ശക്തമായ സെക്യൂരിറ്റി സംവിധാനത്തിലൂടെയും കാര്യക്ഷമമായ കൃത്യനിർവ്വഹണത്തിലൂടെയും ഭാവിയിൽ ഇത്തരം സംഘർഷങ്ങൾ ഉണ്ടാകാതിരിക്കാൻ തക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാസർഗോഡ് ജനറൽ ആശുപത്രിയിൽ പ്രിസണേഴ്സ് സെൽ

96 (1891) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ പ്രിസണേഴ്സ് സെൽ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുത പ്രൊപ്പോസൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സെല്ലിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് ജനറൽ ആശുപത്രിയിൽ പ്രിസണേഴ്സ് സെൽ സ്ഥാപിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സെല്ലിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly